

# *വിശ്വം ദീപമയം

മാലുള്ളതാണീ മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?

കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ-
ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ
അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ-
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും.

---

* *'നവയുഗോദയം' എന്ന കവിതയിൽനിന്നുള്ള വരികൾ*

വേലയ്ക്കു ദീപപ്രഭയത്ര വേണം;
വിശ്രാന്തികൊള്ളുന്നതിനിത്രപോരും;
അതായിരിക്കാം പൊരുളാപ്രവൃത്തി-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ

വിളക്കു കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,
ദീനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയ്ക്കാൻ? തിരിയിൽക്കൊളുത്താൻ?

അല്ലെങ്കിലും സ്വച്ഛവിവേകദീപ-
മകത്തു കത്തുന്നളവേതു ധീരൻ
വിഷാദമേന്തും, വിധി ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ?

ഉണർന്നിടാമെന്നു നിനച്ചുതന്നെ-
യുറങ്ങുവാനോർപ്പതു നമ്മളെല്ലാം;
പ്രാദുർഭവിച്ചാൽ മതി,യമ്മഹത്താം
പ്രത്യാശ സർവത്തിലുമൊന്നുപോലെ.

മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ.

കൽപ്പശാഖി (ഉള്ളൂർ എസ്. പരമേശ്വരയ്യർ)

- "അതായിരിക്കാം പൊരുളാപ്രവൃത്തി:
  ക്കജൻ ഹിതം മർത്ത്യനറിഞ്ഞുചെയ്‌വോൻ"

മർത്ത്യന്റെ ഹിതം അറിഞ്ഞ് ദൈവം ചെയ്തത് എന്ത്?

- "വിളക്കുകൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
  വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം"

*പ്രേമസംഗീതം (ഉള്ളൂർ)*

"മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ."

രണ്ടു കവിതാഭാഗങ്ങളുടെയും ആശയം താരതമ്യം ചെയ്യുക.

- മിന്നാമിനുങ്ങിന്റെ പ്രവൃത്തിയെ ഉദാഹരിച്ചുകൊണ്ടു കവി നൽകുന്ന സന്ദേശമെന്താണ്? ചർച്ചചെയ്യുക.

- മലയാളത്തിലെ ഉദ്ബോധനസ്വഭാവമുള്ള കവിതാഭാഗങ്ങൾ ശേഖരിക്കുക.

  ഉദാ:-
  - "സ്വാതന്ത്ര്യം തന്നെയമൃതം<br>സ്വാതന്ത്ര്യം തന്നെ ജീവിതം<br>പാരതന്ത്ര്യം മാനികൾക്കു<br>മൃതിയേക്കാൾ ഭയാനകം" *- ഒരു ഉദ്ബോധനം (കുമാരനാശാൻ)*
  - "കുഴിവെട്ടി മൂടുക വേദനകൾ<br>കുതികൊൾക ശക്തിയിലേക്കു നമ്മൾ" *- പണിമുടക്കം (ഇടശ്ശേരി)*

- "ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്." പാഠഭാഗത്തിലെ ആശയങ്ങൾ ഉൾപ്പെടുത്തി ഒരു പ്രഭാഷണം തയാറാക്കുക.

- ആധുനികകവിത്രയത്തിൽ ഒരാളായ ഉള്ളൂർ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നിസ്തുലസംഭാവനകൾ ചെയ്ത പ്രതിഭയാണ്.

  *സൂചനകൾ*
  - പ്രധാന കൃതികൾ
  - രചനാശൈലി
  - ഇതിവൃത്തത്തിന്റെ സവിശേഷത
  -

  കൂടുതൽ വസ്തുതകൾ ശേഖരിച്ച് 'ഉള്ളൂരിന്റെ സാഹിത്യസംഭാവനകൾ' എന്ന ലഘൂപന്യാസം തയാറാക്കുക.

**പദകോശം**

| | | |
|---|---|---|
| അജൻ | - | ഈശ്വരൻ |
| ഇനൻ | - | സൂര്യൻ |
| ഉഡുപംക്തി | - | നക്ഷത്രക്കൂട്ടം |
| പ്രത്യഹം | - | ദിവസംതോറും |
| പ്രാദുർഭവിക്കുക | - | പ്രത്യക്ഷമാവുക |
| മഹി | - | ഭൂമി |
| മാല് | - | ദുഃഖം |
| വിയത്തിൽ | - | ആകാശത്തിൽ |
| വിശ്രാന്തി | - | വിശ്രമം |